നമ്പർ: 71/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

BASELIOS MARTHOMA MATHEWS III
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2021

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ മുൻഗാമി ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ 58-ാം ഓർമ്മപ്പെരുന്നാൾ 2022 ജനുവരി മാസം 2, 3 (ഞായർ, തിങ്കൾ) തീയതികളിൽ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കൊണ്ടാടുകയാണ്. ജീവിച്ചിരിക്കുമ്പോൾ തന്നെ പരിശുദ്ധൻ എന്ന പേരിന് യോഗ്യനായിരുന്ന ഈ പുണ്യപിതാവിന്റെ കബറിങ്കൽ മദ്ധ്യസ്ഥത യാചിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്നു. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാളിനോടൊപ്പം, ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമേനിയുടെയും, പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെയും, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമേനിയുടെയും ഓർമ്മപ്പെരുന്നാളുകൾ കൂടി സംയുക്തമായി നടത്തുന്ന പതിവാണല്ലോ നമുക്കുള്ളത്. കോവിഡ്-19 പ്രോട്ടോക്കോൾ പൂർണ്ണമായി പാലിച്ചായിരിക്കും പെരുന്നാൾ ചടങ്ങുകൾ നടത്തപ്പെടുന്നത്. 2-ാം തീയതി ഞായറാഴ്ച 6 മണിക്ക് സന്ധ്യാനമസ്കാരവും 3-ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 മണിക്ക് പ്രഭാത നമസ്കാരവും 7.30 മണിക്ക് വി. കുർബ്ബാനയും ആരംഭിക്കും. തുടർന്ന് പ്രദക്ഷിണം, കൈമുത്ത്, നേർച്ചവിളമ്പ് എന്നിവയോടുകൂടി പെരുന്നാൾ ശുശ്രൂഷകൾ സമാപിക്കും. വിശ്വാസികൾക്ക് നേരിട്ടുവന്ന് ആരാധനയിൽ പങ്കെടുക്കുന്നതിൽ ഉണ്ടായേക്കാവുന്ന അസൗകര്യം പരിഗണിച്ച് ശുശ്രൂഷകൾ ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധ പിതാക്കന്മാരുടെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2021 ഡിസംബർ മാസം 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.